**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 761** **28-01-2026 - ൽ മറുപടിയ്ക്ക്**

**അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനെർട്ടിലെ താൽക്കാലിക നിയമനങ്ങളെ സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിന്നുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | അനെർട്ടിലെ താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച് എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ചിൽ നിന്നും വിവിധ കാലയളവിൽ നടത്തിയ രണ്ട് പരിശോധനകളുടെ റിപ്പോർട്ടുകൾ 12/02/2022-ലെ DEE –TVM/1659/2022-E1, 19/01/2026-ലെ DEE–TVM/ 1327/ 2025-E1 എന്നിവയാണ്. (പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.)<br><br>അനെർട്ടിലെ പ്രോജക്ട് എഞ്ചിനീയർ, എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ടു സി. ഇ. ഒ., സീനിയർ അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, കമ്പ്യൂട്ടർ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകളിലെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത്.<br><br>അനെർട്ടിൽ ലഭ്യമായ 19.01.2026 ലെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

File No.DEE-TVM/1659/2022-E1

HRm 19/30/1

ANERT Section AAO G.M. CEO

"ഭരണഭാഷ മാതൃഭാഷ"


നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)
മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
ആനയറ (പി ഒ), തിരുവനന്തപുരം – 695029
ഫോൺ – 0471 – 2741713 , ഇ – മെയിൽ :–deetvpm.emp.lbr@kerala.gov.in


===========================================================

തീയതി : 12/12/2022

ANERT 30 JAN 2023 Date:

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ

ഡയറക്ടർ
അനർട്ട് ലാകോളേജ് റോഡ്,
തിരുവനന്തപുരം.

സർ,

വിഷയം:– അനെർട്ടിലെ – നിയമനങ്ങൾ സംബന്ധിച്ച് ഈ കാര്യാലയത്തിലെ എംപ്ലോയ്മെന്റ് ഓഫീസർ 29/09/2022 –ൽ നടത്തിയ ഇ എം ഐ പരിശോധന.

സൂചന :–
1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് (കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ്)ആക്ട് 1959 , റൂൾസ് 1960.
2) പബ്ലിക് (എംപ്ലോയ്മെന്റ് സെൽ)ഡിപ്പാർട്ട്മെന്റിന്റെ 21/12/1970 – ലെ ജിഒ (പി)413/70/ പി ഡി നമ്പർ ഉത്തരവ്.
3) തൊഴിലും പുനഃരധിവാസവും (ജി)വകുപ്പിന്റെ 25/10/2004 – ലെ 11887/ ജി2/03/ തൊഴിൽ നമ്പർ സർക്കുലർ.
4) ടി. വകുപ്പിന്റെ 05/02/2014 – ലെ 25941/ ജി2/ 2013 എൽ ബി ആർ നമ്പർ സർക്കുലർ.
5) ടി . വകുപ്പിന്റെ 26/12/2016 – ലെ 1046913/ജി2/2016/ തൊഴിൽ നമ്പർ സർക്കാർ കത്ത്.
6) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിൻറെ 05/02/2017 ലെ നമ്പർ റൂൾസ് 2/14/2017/ഉ ഭ പ വ സർക്കുലർ
7) തൊഴിലും നൈപുണ്യവും (ജി)വകുപ്പിന്റെ 24/ 03 / 2019 –ലെ LBRD – G2/1/2019 – LBRD നമ്പർ സർക്കുലർ.
8) ധനകാര്യം (വ്യയം – സി)വകുപ്പിന്റെ 11/01/2019 – ലെ 03/2019/ ധന നമ്പർ കത്ത്.
9) ആസൂത്രണ സാമ്പത്തികകാര്യ (ബി പി ഇ)വകുപ്പിന്റെ 10/07/2019 – ലെ PLGEA – BPE 3/2/ 2017/PLGEA നമ്പർ സർക്കുലർ.

*************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു . സൂചന പ്രകാരം ഈ കാര്യാലയത്തിലെ എംപ്ലോയ്മെന്റ് ഓഫീസർ 29/09/2022 –ൽ അങ്ങയുടെ കാര്യാലയത്തിൽ നടത്തിയ ഇ എം ഐ പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മൾട്ടി ടാക്സ് പേഴ്സണൽ –3,

ഫീൽഡ് അസിസ്റ്റന്റ് -1, ഓഫീസ് അസിസ്റ്റന്റ് -5, ജൂനിയർ മാനേജർ -1, സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് -1, ടെക്നിക്കൽ മാനേജർ -1, ജോയിന്റ് ചീഫ് ടെക്നിക്കൽ മാനേജർ -2, അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ -4, സയന്റിസ്റ്റ് -4, ചീഫ് ഫിനാൻസ് ഓഫീസർ -1, ജനറൽ മാനേജർ -1, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ -1 എന്നിങ്ങനെ 25 സ്ഥിരം ജീവനക്കാർ ജോലിനോക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് -3, പ്രോജക്ട് എഞ്ചിനീയർ -4 എന്നിങ്ങനെ 7 ജീവനക്കാർ ജോലിനോക്കുന്നു.

ഡോക്കുമെൻറ്റേഷൻ എക്സിക്യൂട്ടീവ് -1, കാൾ സെന്റർ എക്സിക്യൂട്ടീവ് -1, ടെക്നിക്കൽ സപ്പോർട്ട്-2, പ്രോഗ്രാം അസ്സോസിയേറ്റ്-1, ടെക്നിക്കൽ സപ്പോർട്ട് ടെസ്റ്റിംഗ് കാലിബ്രേഷൻ -1, അക്കൗണ്ടന്റ് എക്സിക്യൂട്ടീവ് -1 എന്നിങ്ങനെ CMD വഴി 7 ജീവനക്കാർ ജോലിനോക്കുന്നു. അപ്രന്റീസ് ട്രെയിനീ -7.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിച്ചിട്ടുള്ള ലിസ്റ്റിൽ മുഖേന നിയമനം നടത്തി ലിസ്റ്റിന്റെ രണ്ടാം പകർപ്പ് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി മടക്കി നൽകേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട് നിയമന കാലാവധി കഴിഞ്ഞ ജീവനക്കാർക്ക് സേവനം തുടരുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ് . അല്ലാത്തപക്ഷം ടി.ജീവനക്കാരെ അടിയന്തരമായി പിരിച്ചുവിട്ട് ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തേണ്ടതാണ്. പി.എസ്.സി യുടെ നിയമന പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളും നേരിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തണമെന്ന് സൂചന സർക്കുലർ മുഖേന സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ അനുമതിയോടുകൂടിയല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാതെ ഏതെങ്കിലും ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിച്ച് നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഈ വിഷയത്തിൽ അങ്ങയുടെ മറുപടി എത്രയും വേഗം നൽകണമെന്നും അപേക്ഷിക്കുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് സി.എൻ.വി ആക്ട് 1959,റൂൾസ് 1960 എന്നിവയിൽ അനുശാസിക്കുന്നത് പ്രകാരം ഇ.ആർ റിട്ടേണുകൾ സമയബന്ധിതമായി നൽകേണ്ടത് ഉദ്യോഗദായകന്റെ നിയമപരമായ ബാധ്യതയായതിനാൽ ആയത് വീഴ്ച കൂടാതെ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

DISTRICT EMPLOYMENT OFFICER

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ
മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്
തിരുവനന്തപുരം-695029.

MODEL DISTRICT EMPLOYMENT EXCHANGE
Date :........./........./.........
★ THIRUVANANTHAPURAM ★

## GOVERNMENT OF KERALA

**Public (Employment Cell) Department**

G.O. (P) 413/70/PD., dated, Trivandrum, 21st December 1970

*Abstract.*—Public Services—Recruitment through the Employment Exchanges—Observance of rules regarding reservations for Scheduled Castes/Scheduled Tribes and Backward Communities—Maintenance of Communal rotation roster in the Employment Exchanges—Orders issued.

*Read.*—1. G.O. MS. No. 538/PD., dated 15th October 1962.

2. Circular Memorandum No. 59372/M5/64/RD., dated 5th July 1965.

3. G.O. MS. 27/66/HLD.,dated 15th January 1966.

4. Circular Memorandum No. 37593/G3/69/LSWD., dated 12th January 1970.

5. Letter No. PRO. 1232/70., dated 10th August 1970 from the Director of Employment.

6. Letter No. P-1. 30740/69, dated 2nd September 1970 from the Director of Harijan Welfare.

### ORDER

Government have been considering various proposals to streamline the procedure for making provisional appointments in order to ensure the observance of the rules of communal rotation and sub-rotation provided in rules 14 (*c*) and 17 (2) of the Kerala State and Subordinate Service Rules (General Rules). It is found that the concessions allowed in these rules are generally lost in respect of provisional appointments due to lack of sufficient number of vacancies to make up the cycle of rotation. According to the existing practice, the temporary vacancies are filled up by individual appointing authorities of the State Government Offices by sending individual requisitions for candidates to the Employment Exchanges, though the posts so filled up belong to the same category with same scale of pay and status. Since number of such vacancies arising in the offices of individual appointing authorities is limited and since each appointing authority follows independent

cycle of rotation, the turns reserved for Scheduled Castes/Scheduled Tribes as well as for various groups of Other Backward Classes do not arrive at all. It is further noticed that some of the appointing authorities make irregular appointments to provisional vacancies on the impression that it is the responsibility of the Employment Exchanges to introduce candidates in accordance with the rules of reservation. Similarly instances where the appointing authorities do not add on the vacancies of the same category that arise from time to time and instead treat each occasion of requisition independent of the other for the purposes of following the rules of reservation are also common.

2. In view of the defects in the existing practice and in order to secure proper observance of the rules of rotation and sub-rotation the Government have decided to adopt a procedure by which vacancies of similar categories of posts with same scale of pay and status are pooled together by a common agency and recruitment made as per the order of rotation by maintaining a 100 point roster. The Government consider that this work can be done effectively through the Employment Exchanges.

3. Government therefore direct that a Communal Rotation Roster should be maintained in all the Employment Exchanges of this State to note down the vacancies of posts of the same category, pay and status arising in the State Government Offices situated in a revenue district so as to facilitate the fixation of the number of vacancies to be filled up by candidates of various communities. A model form of the Roster to be maintained is herewith enclosed (Annexure I). The appointing authorities should notify the number of vacancies and relevant particulars in the revised requisition form prescribed for the State Government Offices (Annexure II). The District/Divisional Employment Officers should introduce candidates as soon as the requisition are received from the appointing authorities in accordance with the order of rotation noted in this Roster. A model form of the reply to be sent to the appointing authorities in response to their requisitions is also enclosed (Annexure III). In introducing the candidates the District/Divisional Employment Officers should also observe the following procedure:—

(i) While introducing candidates the group of the community to which they belong to must be clearly mentioned. In the case of Other Backward Classes five sub-categories are mentioned in the rules —namely (1) Ezhavas and Thiyyas (2) Muslims (3) Latin Catholics, SIUC and Anglo-Indians, (4) Backward Christians (Other Christians) (5) Other Backward Classes put together i.e., communities other than those mentioned in items 1 to 4. The Employment Exchanges must take care to note in their records the community to which a candidate belongs.

(ii) In case suitable candidates are not available from any community the fact should be mentioned in the letter introducing the candidates.

ANERT
22 JAN 2026
22 JAN 2026
Date.......................

ANERT
SECTION.......................
AAO.......HRM.......
G M.......................
CEO.......................

ഭരണ ഭാഷ- മാതൃഭാഷ

**നാഷണൽ എംപ്ലോയ്മെൻറ് സർവീസ് (കേരളം)**

മോഡൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്
മിനി സിവിൽ സ്റ്റേഷൻ
അരശുമ്മൂട്,ആനയറ പി ഒ
തിരുവനന്തപുരം-29
തീയതി :19-01-2026
Phone No : 0471 -2741713
ഇ-മെയിൽ: deetvpm.emp.lbr@kerala.gov.in

DEE - TVM /1327/2025 - E1
ജില്ല എംപ്ലോയ്മെൻറ് ഓഫീസർ

തിരുവനന്തപുരം

ദി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

അനെർട്ട്

ലോ കോളേജ് റോഡ്

PMG, വികാസ് ഭവൻ പി ഓ

തിരുവനന്തപുരം.

സർ,

വിഷയം:- ANERT കാര്യാലയത്തിലെ താത്കാലിക നിയമനങ്ങൾ - EMI പരിശോധന സംബന്ധിച്ച് .

സൂചന:

1) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (CNV) ACT 1959 RULES 1960

2) തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 25.10.2004 ലെ 11887/ജി2/03/തൊഴിൽ നമ്പർ സർക്കുലർ.

3) തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 05.02.2014 ലെ 25941/ജി2/2013 എൽ.ബി.ആർ നമ്പർ സർക്കുലർ.

4) തൊഴിലും നൈപുണ്യവും (ജി) വകുപ്പിന്റെ 26.12.2016 ലെ 1046913 /ജി2/2016 തൊഴിൽ നമ്പർ സർക്കാർ കത്ത്.

5) ആസൂത്രണ സാമ്പത്തിക കാര്യ ബി പി ഇ വകുപ്പിന്റെ 10.07.2019 ലെ PL&EA BPE3/2/2017 PL&EA നമ്പർ പരിപത്രം

6 ) ശ്രീ .ജയചന്ദ്രൻ നായരുടെ 5.07.25 തീയതിയിലെ പരാതി

7) എംപ്ലോയ്മെന്റ് ഡയറക്ടറുടെ 19/07/25 തീയതിയിലെ DE/2977/2025-M1 നമ്പർ .കത്ത് .

സൂചനകളിലേക്ക ശ്രദ്ധിച്ചാലും. ANERT കാര്യാലയത്തിലെ താത്കാലിക നിയമനങ്ങൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് ഓഫീസർക്ക് സൂചന(6) പ്രകാരം ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സൂചന(7 നിർദേശ പ്രകാരം ഈ കാര്യാലയത്തിലെ എംപ്ലോയ്മെന്റ് ഓഫീസർ ശ്രീമതി ലവ്‌ലി കെ ആർ സീനിയർ ക്ലർക്

ശ്രീമതി ബിന്ദു കെ.ബി എന്നിവർ 14/08/25 തീയതി ANERT കാര്യാലയത്തിൽ ഇ എം ഐ പരിശോധന നടത്തി. പരിശോധനാ സമയത്തു ഹാജരാക്കിയ രേഖകൾ പ്രകാരം ANERT കാര്യാലയത്തിലെ സ്ഥിര - താത്കാലിക നിയമനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**സ്ഥിര നിയമനങ്ങളുടെ വിശദാംശങ്ങൾ.**

സയന്റിസ്റ് -4

അഡിഷണൽ ചീഫ് ടെക്നിക്കൽ മാനേജർ -3

ടെക്നിക്കൽ മാനേജർ-1

ഓഫീസ് അസിസ്റ്റന്റ് -1

മൾട്ടി ടാസ്ക് പേർസണൽ -2

ഫീൽഡ് അസിസ്റ്റന്റ് -2

സീനിയർ ടെക്നിക്കൽ അസിസ്റ്റന്റ് -1

**താത്കാലിക നിയമനങ്ങളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | തസ്തികകളുടെ പേര് | നിലവിലുള്ള ജീവനക്കാരുടെ എണ്ണം | ഒഴിവുകൾ (തസ്തിക തിരിച്) | ഒഴിവുകൾ (നികത്താൻ ഉദ്ദേശിക്കുന്ന വിധം) | CNVആക്ട് ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | പരിശോധന ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|---|
| 1. | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | 1 | - | - | അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകിയിരിക്കുന്നു | |
| 2. | ജനറൽ മാനേജർ | 1 | | | അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകിയിരിക്കുന്നു | |
| 3. | ഓഫീസ് അസ്സിസ്റ്റൻറ് | 2 | | | അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നൽകിയിരിക്കുന്നു | |
| 4. | കമ്പ്യൂട്ടർ അസിസ്റ്റൻറ് | 3 | - | - | എംപ്ലോയ്മെന്റ് മുഖേന നിയമനം ലഭിച്ചിരിക്കുന്നു | |
| 5. | ഡിസ്ട്രിക്ട് പ്രൊജക്റ്റ് എഞ്ചിനിയേർസ് | 10 | | | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. | |
| 6. | പ്രൊജക്റ്റ് എഞ്ചിനിയേർസ് | 3 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 7. | അസിസ്റ്റൻറ് പ്രൊജക്റ്റ് എഞ്ചിനിയേർസ് | 3 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 8. | പ്രൊജക്റ്റ് അസിസ്റ്റന്റ് (IT) | 1 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല . | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |

| | | | | | | |
|---|---|---|---|---|---|---|
| 9. | അസ്സിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 2 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല . | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 10. | ടെക്നിക്കൽ അസിസ്റ്റൻറ് | 17 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല . ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 11. | കമ്പ്യൂട്ടർ അസിസ്റ്റൻറ് | 1 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല . ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ചു എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല . | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 12. | ടെലിഫോൺ അറ്റെൻഡൻറ് കം ഡേറ്റ എൻട്രി ഓപ്പറേറ്റർ | 2 | - | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുക | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ൾ ലഭ്യമായില്ല . ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ച എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല . | |
| 13. | സീനിയർ അക്കൗണ്ട്സ് ഓഫീസർ | 1 | | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല . ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ച എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 14. | എക്സിക്യൂട്ടീവ് അസിസ്റ്റന്റ് അക്കൗണ്ട്സ് | 1 | | - | സ്ഥാപനം നേരിട്ട് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിരിക്കുന്നു. പരിശോധന വേളയിൽ നിയമന ഫയലുകൾ ലഭ്യമായില്ല . ആയതിനാൽ എന്ന് മുതൽ എത്ര നാളത്തേക്ക് നിയമിച്ച എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല . | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 15. | ടെക്നീഷ്യൻസ് | 5 | | | റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം മുഖേനെ നിയമിച്ചിരുന്നു | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ് |
| 16. | ക്ലീനിങ്ങ് സ്റ്റാഫ് | 4 | | | ലെപ്പേർഡ് സെക്യൂരിറ്റി & ഫസിലിറ്റി മാനേജ്മെന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസി മുഖേനെ നിയമനം നടത്തിയി | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | രിക്കുന്നു | |
| 17. | സെക്യൂരിറ്റി സ്റ്റാഫ് | 3 | | - | ലെപ്പേർഡ് സെക്യൂരിറ്റി & ഫസിലിറ്റി മാനേജ്മെൻറ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസി മുഖേനെ നിയമനം നടത്തിയിരിക്കുന്നു | എല്ലാ താത്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണ്. |

പി .ജയചന്ദ്രൻ നായരുടെ പരാതിയിൽ ഉന്നയിച്ചിരിക്കുന്ന റിന്യൂവബിൾ എനർജി കെയർ എന്ന സ്ഥാപനം മുഖേനെ 5 ടെക്നിഷ്യൻമാർ ടി കാര്യാലയത്തിൽ ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട് അനെർട്ടിൽ താത്കാലിക കരാർ നിയമനങ്ങൾ ഉണ്ടെന്നുള്ളത് മേൽ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ് .അത്തരം താത്കാലിക നിയമങ്ങൾ എംപ്ലോയ്മെന്റ് മുഖേനെ നികത്തേണ്ടതാണ് .

സ്ഥിര തസ്തികകൾ അനുവദിച്ചു കിട്ടുന്നതിന് സർക്കാറിന് ശുപാർശ നൽകുകയും എന്നാൽ സർക്കാർ ഉത്തരവ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താത്കാലിക നിയമനങ്ങൾ നടത്തേണ്ടതാണ് നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി അവസാനിക്കുന്ന മുറക്ക് ഒഴിവുകൾ എക്സ്ചേഞ്ച് വഴി നികത്തേണ്ടതാണ്

. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ പൊതു മേഖലാ സ്ഥാപനങ്ങൾ , ബോർഡുകൾ , കമ്പനികൾ , കോർപ്പറേഷനുകൾ , സർക്കാർ ഗ്രാൻഡിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളുള്ള പബ്ലിക്സർവ്വീസ് കമ്മീഷന്റെ പുറത്തു വരുന്ന ഒഴിവുകൾ, നികത്തുന്നത് ബന്ധപ്പെട്ട EE മുഖേന 1959-ലെ സി.എൻ. വി ആക്ട് ന് വിധേയമായി മാത്രമായിക്കണമെന്നും , അല്ലാത്ത പക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവ്കൾ എന്നിവർക്കെതിരെ കർശന നടപടി എടുക്കുന്നതാണെന്നും വിവിധ സർക്കുലറികളിലൂടെ സർക്കാർ കർശന നിർദേശം നൽകിയിട്ടുണ്ട്.

കൂടാതെ പട്ടികജാതി പട്ടിക വർഗ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അർഹത പെട്ട സംവരണം ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ഓരോ കാറ്റഗറിയിലും ഓരോ സ്കെയിൽ ഓഫ് പേയിലും സ്റ്റാറ്റസിലും ഉള്ള ഒഴിവുകൾ ഒരുമിച്ച് ചേർത്ത് സംവരണ തത്ത്വം പാലിച്ച് ഉദ്യോഗാർത്ഥികളെ നാമനിർദേശം ചെയ്യുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇൽ കമ്മ്യൂണൽ റൊട്ടേഷൻ സൂക്ഷിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സംവരണ തത്ത്വം പാലിച്ച് അർഹതപ്പെട്ട ഉദ്യോഗാർത്ഥികളെ ഒഴിവുകൾക്ക് പരിഗണിക്കണമെന്നും സൂചന(3 ) സർക്കാർ ഉത്തരവ് നിലവിൽ ഉണ്ട് .

എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് CNV(ആക്ട് 1959.Rules 1960 എന്നിവയിൽ അനുശാസിക്കുന്നത് പ്രകാരം ER Return കൾ സമയബന്ധിതമായി നല്കേണ്ടത് ഉദ്യോഗദായകന്റെ നിയമപരമായ ബാധ്യത ആയതിനാൽ ആയത് സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Lovely K.R

EMPLOYMENT OFFICER (EMI)

LOVELY K.R.
EMPLOYMENT OFFICER (EMI)
Model District Employment Exchange
Thiruvananthapuram